# 10

# “കർത്താവിൽ സന്തോഷിക്കുകയും” “സൂക്ഷിക്കുകയും” ചെയ്യുക

## (3:1– 3)

**1ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ'. അതേ കാര്യം നിങ്ങൾക്ക് പിന്നെയും എഴുതുന്നതിൽ എനിക്ക് മടുപ്പില്ല' നിങ്ങൾക്ക് ഇത് ഉറപ്പുള്ളതാകുന്നു;**
**2നായ്ക്കളെ സൂക്ഷിപ്പിൻ, ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ; പരിഛേദനക്കാരെ സൂക്ഷിപ്പിൻ; 3നാമല്ലൊ പരിഛേദനക്കാർ; ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നെ.**

**വാക്യം 1.** ഒരു പ്രാസംഗികനെ ശ്രദ്ധിക്കുന്ന അനുഭവത്തെയാണ് ഈ ഭാഗത്തിന്റെ ആരംഭം നമ്മെ ഓർമ്മിപ്പിക്കുന്നത്. വളരെ നേരം സംസാരിച്ചശേഷം അവൻ പറയുന്നു, “അവസാനമായി.” സദസിലുണ്ടായിരുന്ന അംഗങ്ങളെല്ലാം അവരുടെ പായും മറ്റും ചുരുട്ടി കൂട്ടി മടങ്ങിപ്പോകുവാൻ തുടങ്ങുകയാണ്. പ്രാസംഗികൻ തന്റെ സംഭാഷണം തുടർന്നു ... തുടർന്നു ... പോകുകയാണ്. ഈ വാക്യം ചിലർക്കെങ്കിലും അങ്ങനെയാണ് തോന്നുന്നത്. പൗലൊസ് അദ്ധ്യായം തുടങ്ങുന്നത് **ഒടുവിൽ എന്റെ സഹോദരന്മാരേ** എന്നു പറഞ്ഞുകൊണ്ടാണ്–പക്ഷെ അവൻ തന്റെ സംഭാഷണം രണ്ട് അദ്ധ്യായങ്ങളിൽ കൂടെ തുടരുകയാണ് ചെയ്തത്.

പൗലൊസിന്റെ മറ്റു ചില ലേഖനങ്ങൾ പോലെ (റോമാ ലേഖനം പോലെ) ഫിലിപ്പിയ ലേഖനം ഒരു പ്രബന്ധം അല്ല. അത് ഒരു വ്യക്തിപരമായ ലേഖനം ആണ്. ഔപചാരിക ഘടന കൂടാതെ അത്തരം ലേഖനങ്ങൾ ഒരു വിഷയത്തിൽ നിന്നു മറ്റൊന്നിലേക്ക് ചാടുകയാണ്.

“ഒടുവിൽ” (*ലോയിപോൻ*) തർജിമ ചെയ്തിരിക്കുന്നത് ആ വാക്ക് ഒരു പുതിയ ചിന്തക്കുള്ള മാറ്റത്തിനു വേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത് എന്നാണ് എഴുത്തുകാർ ചൂണ്ടി കാണിച്ചിരിക്കുന്നത്. ആ വാക്കിന്റെ മറ്റൊരു രൂപം പൗലൊസ് 1:13 ൽ ഉപയോഗിച്ചിരിക്കുന്നതായിട്ടാണ് ശ്രദ്ധിച്ചത്, അവിടെ പ്രയോഗത്തിന്റെ ഒരു ഭാഗം തർജിമ ചെയ്തിരിക്കുന്നത് “മറ്റെല്ലാവർക്കും” എന്നാണ്, 4:3 ൽ “ശേഷമുള്ളവർക്ക്” എന്നാണ്. 3:1 ൽ “ഇപ്പോൾ” എന്നാണ് അവിടെ തർജിമ ചെയ്യേണ്ടത് എന്നാണ് ചിലർ പറയുന്നതു (ഗുഡ്സ്പീഡ്) “എന്തു സംഭവിച്ചാലും” (എൽബി), അല്ലെങ്കിൽ അതുപോലെയുള്ള അർത്ഥത്തിൽ. അവർ ശരിയായിരിക്കാം–എന്നാൽ മിക്ക തർജിമകളിലും “ഒടുവിൽ” (കെജെവി; എൻആർഎസ്വി; എൻഐവി; സിഇവി) അല്ലെങ്കിൽ “അവസാന

മായി" (സിജെബി; ടിഇൗവി).[1]

എങ്ങനെയായാലും, "ഒടുവിൽ എന്റെ സഹോദരന്മാരേ" എന്ന പ്രയോഗം വ്യാഖ്യാനിച്ചിരിക്കുന്നത് പൗലൊസ് പിന്നീട് പറയുവാനുള്ളതിന് ഊന്നൽ കൊടുത്തുകൊണ്ടാണ്: **കർത്താവിൽ സന്തോഷിപ്പിൻ**.

ലേഖനത്തിൽ ആവർത്തിച്ചിരിക്കുന്ന വിഷയമാണ് സന്തോഷിക്കുക എന്നത്. മുൻപ് പൗലൊസ് സന്തോഷിക്കുവാൻ പറഞ്ഞു (1:18; 2:17, 18, 28 നോക്കുക). ഇവിടെ, തന്റെ വായനക്കാരോട് അവൻ വീണ്ടും "സന്തോഷിക്കുവാൻ" അപേക്ഷിക്കുകയാണ്. "സന്തോഷം" എന്ന വാക്ക് വർത്തമാന കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അതിനാൽ സന്തോഷം തുടരേണ്ട താണ്. അപ്പൊസ്തലൻ സുപ്രധാനമായ ഒരു വാക്ക് കൂട്ടിച്ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക: "*കർത്താവിൽ* സന്തോഷിക്കുക" (എംഫസിസ് ആഡഡ്). പൗലൊസ് പറയുന്നത്, ഒരുപക്ഷെ അവരിൽ എന്തു അപകടം സംഭവിച്ചാലും, ഫിലിപ്പിയർ "കർത്താവിൽ" ആയിരുന്നു എന്നതായിരിക്കാം ഓർപ്പിച്ചത്, അതിനാൽ അവർക്ക് സന്തോഷിക്കുവാൻ എപ്പോഴും കാരണം ഉണ്ടായിരുന്നു. പൗലൊസ് അർത്ഥമാക്കിയതിനെ കുറിച്ച് അലെക് മോട്ടിർ എഴുതി, "നിങ്ങ ളുടെ സന്തോഷം അവനിൽ കണ്ടെത്തുക."[2] നാം "കർത്താവിൽ" ആണെങ്കിൽ നമ്മുടെ സാഹചര്യം എന്തായാലും, നമുക്ക് സന്തോഷിപ്പാൻ കാരണം ഉണ്ട് "ഒരാൾക്ക്. ശമ്പളദിവസമോ, നല്ല കാലാവസ്ഥയിലോ എപ്പോഴും സന്തോഷി പ്പാൻ കഴിയുകയില്ല, എന്നാൽ ക്രിസിത്യാനിക്ക് 'എപ്പോഴും സന്തോഷിപ്പാൻ കഴിയും' ... ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ക്രിസ്തുവിനോടുള്ള ബന്ധം വലിയ നിശ്ചയമുള്ളതാണ്."[3] "ക്രിസ്തീയ സന്തോഷത്തെ നശിപ്പിക്കുവാൻ കഴിയാത്തത്"[4] ആ ബന്ധമാണെന്ന് വില്യം ബാർക്ലേ പറഞ്ഞു. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേറുപിരിപ്പാൻ ഒരു ശക്തിക്കും സാധ്യമല്ല" എന്നു പൗലൊസ് മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നു (റോമർ 8:38, 39).

സന്ദർഭമനുസരിച്ച്, "കർത്താവിൽ *മാത്രം* സന്തോഷിപ്പിൻ" എന്നായി രിക്കാം പൗലൊസ് പറഞ്ഞത്. ചിലർ സന്തോഷിക്കുന്നത് *തങ്ങൾ* ചെയ്ത പ്ര വൃത്തികളിലാണ്, എന്നാൽ പൗലൊസ് തന്റെ വായനക്കാരോട് സന്തോഷി പ്പാൻ പറഞ്ഞത് *കർത്താവ്* ചെയ്തതിലും കർത്താവിലും മാത്രമായിരുന്നു.

സന്തോഷിക്കുവാൻ പറഞ്ഞ ശേഷം പൗലൊസ്, അന്ധാളിപ്പിക്കുന്ന ഈ വാക്കുകൾ പറഞ്ഞു: **അതേ കാര്യം നിങ്ങൾക്ക് പിന്നെയും എഴുതുന്നതിൽ എനിക്ക് മടുപ്പില്ല; നിങ്ങൾക്ക് അത് ഉറപ്പുമാകുന്നു.** "അതേ കാര്യം" എന്നു പറഞ്ഞതിന്റെ അർത്ഥത്തെ സംബന്ധിച്ച് ചില സൂചനകൾ ഇതാ:

ഇതേ വിഷയം ചർച്ച ചെയ്ത് പൗലൊസ് ഒരുപക്ഷെ ഫിലിപ്പിയർക്ക് മുൻപ് ലേഖനം എഴുതിയിരിക്കാം. ദൈവശ്വാസിയ പുരുഷൻ എഴു തിയ എല്ലാ ലേഖനങ്ങളും സൂക്ഷിച്ചിട്ടില്ല. യൂജിൻ പീറ്റേഴ്സന്റെ സമാന്തര പ്രയോഗം "മുൻലേഖനങ്ങളിൽ എഴുതിയത് വീണ്ടും ആവർത്തിക്കുവാൻ എനിക്ക് മടിയില്ല, ... അതുകൊണ്ട് ഞാൻ പ റയുന്നു" (എംഎ സ്ജി).

ആ പ്രസ്താവനക്ക് മുൻപ് പറഞ്ഞ വാക്കുകളെയായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്: "കർത്താവിൽ സന്തോഷിപ്പിൻ." ആ പ്രബോധനം ആവർത്തിക്കുവാൻ അവനു മടിയില്ലായിരുന്നു (4:4 നോക്കുക).

ഫിലിപ്പിന്റെ തർജിമ പറയുന്നത്, "ഇതുപോലെയുള്ള ഒരു ഉപദേശം ആവർത്തിക്കുന്നതിൽ എനിക്ക് മുഷിപ്പ് ഇല്ല " ഫിലിപ്പിയർ സന്തോഷിക്കുവാൻ കർത്താവിലേക്ക് നോക്കുകയാണെങ്കിൽ, പൗലൊസ് പറയുവാനിരിക്കുന്ന സ്വാർത്ഥതയെ അവർ ഉപേക്ഷിക്കും. താഴോട്ട് പറയുവാനിരിക്കുന്ന വാക്കുകളെ ഉദ്ദേശിച്ചായിരിക്കാം പൗലൊസ് പറഞ്ഞത്: "നായ്ക്കളെ സൂക്ഷിച്ചുകൊൾവിൻ ..." പക്ഷെ ശരിയല്ലാത്ത ലക്ഷ്യത്തിൽ ജീവിക്കുന്നവർക്ക് മുൻപ് നൽകിയ മുന്നറിയിപ്പുകളെ ഉദ്ദേശിച്ചായിരിക്കാം "അതേ കാര്യങ്ങൾ" എന്നു പറഞ്ഞത് (1:15, 17, 28).

പൗലൊസ് പറഞ്ഞതെന്തായാലും, നമുക്ക് ചുരുങ്ങിയത് അതിൽനിന്നു പഠിക്കുവാൻ കഴിയുന്നത് ഇതാണ്: അടിസ്ഥാന സത്യങ്ങൾ ആവർത്തിക്കുന്നതിൽ തെറ്റില്ല. ആവർത്തനം അമിതമാകുവാൻ സാധ്യതയുണ്ട്, പക്ഷെ ചിലത് ആവശ്യവുമാണ്. ആവർത്തനത്തിൽകൂടെയാണ് ആളുകൾ പഠിക്കുന്നതെന്ന് എല്ലാ രക്ഷകർത്താക്കൾക്കും വിദ്യാഭ്യാസമുള്ളവർക്കും അറിയാം. കൂടാതെ ആത്മിയ സത്യങ്ങൾ ആവർത്തിക്കുമ്പോൾ–പൗലൊസ് പറഞ്ഞതുപോലെ– "വായനക്കാരെ ഉറപ്പിക്കുന്നതാണ്". പത്രൊസ് എഴുതി,

> അതുകൊണ്ട് നിങ്ങൾ അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറച്ചുനിൽക്കുന്നവരും എന്നുവരികിലും, ഇതു നിങ്ങളെ എപ്പോഴും ഓർപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവ് തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞുപോകുവാൻ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കയാൽ ഞാൻ, ഈ കൂടാരത്തിൽ ഇരിക്കുമ്പോൾ നിങ്ങളെ ഓർപ്പിച്ചുണർത്തുന്നത് യുക്തം എന്നു വിചാരിക്കുന്നു (2 പത്രൊ. 1:12, 13).

"പഴയത് തന്നെ പറഞ്ഞുകൊണ്ടിരിക്കാതെ ഞങ്ങൾക്ക് പഴയ സത്യമല്ല, പുതിയതും വ്യത്യസ്തവുമായ സത്യമാണ് ആവശ്യം" എന്നു ചിലർ പരാതിപ്പെട്ടേക്കാം. അങ്ങനെ സംഭവിക്കുമെന്ന് പൗലൊസ് മുന്നറിയിച്ചിരുന്നു:

> അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന്നു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും (2 തിമൊ. 4:3, 4).

മലോൺ എഴുതി, "പൗലൊസിന്റെ ചിന്തക്ക് വിപരീതമാണ് ഇന്നത്തെ സദസ്യർ, നവീനതക്കുറവിനോടും തുടർച്ചയായ ആവർത്തനത്തിനോടും ദുഃഖത്തോടും അസഹ്യതയുള്ളവരാണ്." കൂടാതെ അദ്ദേഹം പറഞ്ഞു, "സുവിശേഷം അറിയിക്കുമ്പോൾ നവീനത പ്രശ്നമാക്കരുത് ... പ്രധാന ചോദ്യം, 'അതു പുതിയതാണോ?' എന്നല്ല, മറിച്ച്, 'അതു സത്യമാണോ?' എന്നതായിരിക്കണം?"[5]

ദൈവവചനം പ്രസംഗിക്കുന്നവരും ഉപദേശിക്കുന്നവരും എന്ന നിലയിൽ, നാം എപ്പോഴും പുതുമയുള്ള പഴയ സംഭവം–വേദഭാഗത്തിലെ പുതിയ ഉൾക്കാഴ്ച്ചയോടെ, പുതിയ ചിത്രീകരണങ്ങളോടെ, സദസിനു കാണാവുന്ന

വിധത്തിലുള്ള പഠനസഹായിയായ ചാർട്ടുകളും വേണമെങ്കിൽ ഉപയോഗിക്കുക. എങ്ങനെയായാലും, "മറ്റൊരു സുവിശേഷത്തിലേക്ക്" തിരിയുന്നതിന് നാം ഒരിക്കലും വശംവദരരാകരുത് (ഗലാ. 1:6). അടിസ്ഥാന സത്യങ്ങൾ അറിയിക്കുന്നതിൽ നാം ഒരിക്കലും മടുത്തു പോകരുത്–കാരണം അത് നമ്മുടെ കേൾവിക്കാരെ ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യും! പൗലൊസ് യുവ ഉപദേഷ്ടാവായിരുന്ന തിമൊഥെയൊസിനോട് പറഞ്ഞു, "വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക" (2 തിമൊ. 4:2). മാർഷൽ കീബിൾ പറഞ്ഞു, "സമയത്തിലും അസമയത്തിലും" എന്നതിനർത്ഥം "അവർക്ക് ആഗ്രഹമുള്ളപ്പോഴും, ആഗ്രഹമില്ലാത്തപ്പോഴും എന്നാണ്!"

**വാക്യം 2**. ക്രിയാത്മക ഊന്നലിനു ശേഷം പൗലൊസ് പറയുന്ന വാക്കുകൾ നമ്മെ പരിഭ്രമിപ്പിക്കുന്നതായി തോന്നിയേക്കാം: **നായ്ക്കളെ സൂക്ഷിപ്പിൻ; ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ; പരിച്ഛേദനക്കാരെ സൂക്ഷിപ്പിൻ**. ഇതായിരിക്കാം ലേഖനത്തിലെ ഏറ്റവും നിഷേധ രൂപത്തിലുള്ള പ്രസ്താവന. ശബ്ദത്തിലെ പെട്ടെന്നുള്ള മാറ്റവും, "ഒടുവിൽ" എന്ന വാക്കും ഫിലിപ്പിയർക്ക് പല ലേഖനങ്ങൾ ലഭിച്ചിരുന്നു എന്നു കരുതുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്; എന്നാൽ ആ അനുമാനത്തെ സാധൂകരിക്കുവാൻ ബാഹ്യമായ തെളിവുകൾ ഇല്ല.

ഈ വാക്യത്തിൽ ശബ്ദത്തിന് മാറ്റം വരുത്തിയിട്ടുണ്ട് എന്നു പറയാം. താൻ സ്നേഹിച്ച ആളുകളെ കുറിച്ച് പൗലൊസ് കരുതിയിരുന്നു. പിന്നെ അവരെ ഉപദ്രവിക്കുന്നവരിലേക്ക് അവന്റെ ശ്രദ്ധ തിരിയുകയായിരുന്നു. പ്രിയപ്പെട്ടവരെ ഉപദ്രവിക്കുന്നവരെ എതിർക്കുന്നത് തീവ്രവികാരമുള്ളവരാണ്. അമ്മ തന്റെ കുട്ടികളെ സൗമ്യമായി സ്നേഹിക്കും. എങ്കിലും, ആ അമ്മയുടെ കുട്ടികളെ ആരെങ്കിലും ഭീഷണിപ്പെടുത്തുകയോ ഉപദ്രവിക്കുകയോ ചെയ്താൽ അതിനെ അവൾ അമർഷ വികാരത്തോടെ ചെറുക്കും! "തെളിവുള്ള മറ്റു വേദഭാഗങ്ങളിലുപരിയായി ഇത് സ്നേഹലേഖനത്തിൽ ഒട്ടും കുറഞ്ഞതല്ല" എന്നാണ് മലോൺ പറഞ്ഞത്. നിങ്ങളുടെ വീട് തീ കത്തുകയാണെങ്കിൽ ആദ്യം നിങ്ങൾ വിളിക്കുന്നത് പ്രിയപ്പെട്ടവരെയായിരിക്കും. അതിരുകവിഞ്ഞ വിലയിരുത്തലിന് ആഹ്വാനം ചെയ്യുന്നത് മഹാവൈഷമ്മ്യം നിമിത്തമായിരിക്കും.[6]

പൗലൊസിന്റെ പ്രിയപ്പെട്ടവരായ ഫിലിപ്പിയയിലുള്ളവരെ ആരായിരുന്നു ഭീഷണിപ്പെടുത്തിയിരുന്നത്? യെഹൂദമതാനുസാരികളായിരുന്നു എന്ന് ചിലർ കരുതുന്നു (മത്താ. 23:15 നോക്കുക), എന്നാൽ അവർ യെഹൂദ ഉപദേഷ്ടാക്കന്മാരായിരുന്നു എന്ന് മിക്ക പേരും സമ്മതിക്കും. 2 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ പൗലൊസ് യെഹൂദ ഉപദേഷ്ടാക്കന്മാരെ കുറിച്ച് പറയുമ്പോൾ, ഇവിടെ ഉപയോഗിച്ച അതേ വാക്കുകളായിരുന്നു ഉപയോഗിച്ചത് (2 കൊ. 11:13 നോക്കുക). അവർ യെഹൂദമതത്തിൽനിന്നു ക്രിസ്ത്യാനികളായിരുന്നവരായിരുന്നു, പക്ഷെ മോശെയുടെ ന്യായപ്രമാണവും യെഹൂദ പാരമ്പര്യവും ക്രിസ്ത്യാനികളായ ശേഷവും വേണമെന്ന് പറഞ്ഞവരായിരുന്നു. അത് നാം പ്രവൃത്തികൾ 15–ൽ വായിക്കുന്നു:

> യെഹൂദ്യയിൽനിന്നു ചിലർ വന്നു: "[ജാതികൾ] നിങ്ങൾ മോശെ കൽപിച്ച ആചാരം അനുസരിച്ച് പരിച്ഛേദന ഏൽക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല" എന്ന് സഹോദരന്മാരെ ഉപദേശിച്ചു (വാ. 1).

> എന്നാൽ പരീശപക്ഷത്തുനിന്നു വിശ്വസിച്ചവർ ചിലർ എഴുന്നേറ്റ് "അവരെ [ജാതികളെ] പരിച്ഛേദന കഴിപ്പിക്കയും മോശെയുടെ ന്യായ പ്രമാണം ആചരിപ്പാൻ കൽപിക്കയും വേണം" എന്നു പറഞ്ഞു (വാ. 5).

ആ പ്രശ്നം ചർച്ച ചെയ്യുവാൻ അപ്പൊസ്തലന്മാരും മറ്റു അദ്ധ്യക്ഷന്മാരും യെരൂശലേമിൽ സമ്മേളിച്ചു (പ്രവൃ. 15:6–29) അവരുടെ തീർപ്പ് പ്രശ്നത്തിനു പരിഹാരം വരുത്തിയിരിക്കണം. ഫലത്തിൽ ദൈവശ്വാസീയ പുരുഷന്മാർ പറഞ്ഞു, "രക്ഷക്കായി ജാതികളെ പരിച്ഛേദന കഴിപ്പിക്കുകയോ മോശെയുടെ ന്യായപ്രമാണം അനുസരിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല" (വാ. 24, 28, 29 നോക്കുക). എങ്ങനെയായാലും, രൂഢമൂലമായ പ്രവണത നശിപ്പിക്കുവാൻ പ്രയാസമാണ്. ആ തെറ്റിനെ പൗലൊസ് ഗലാത്യർക്കെഴുതിയ ലേഖനത്തിൽ നേരിട്ടു ഖണ്ഡിച്ചിരിക്കുകയാണ് (ഗലാ. 5:2, 3, 6; 6:12, 13, 15 നോക്കുക), റോമർക്ക് ലേഖനമെഴുതിയപ്പോൾ പരോക്ഷമായി ആ വിഷയത്തെ കൈകാര്യം ചെയ്തിരിക്കുകയാണ് (റോമർ. 2:28, 29 നോക്കുക).

ആ മതനിന്ദ ഫിലിപ്പിയ സഭയ്ക്ക് അപകടം വരുത്തിയേക്കുമെന്ന് പൗലൊസ് വിശ്വസിക്കുവാൻ ഒരു കാരണം ഉണ്ടായിരുന്നു. ഇത് പരിശുദ്ധാത്മാവ് അവനു വെളിപ്പെടുത്തി കൊടുത്തതാകാം. ഒരുപക്ഷെ അടുത്ത സമയത്ത് ഫിലിപ്പിയയിൽനിന്നു ലഭിച്ച വിവരങ്ങളിൽ പെട്ടതാകാം അത്. ഫിലിപ്പിയർ അവനെ കുറിച്ച് എത്രമാത്രം വിചാരപ്പെടുന്നു എന്നു എപ്പഫ്രാസ് അറിയുവാൻ അവൻ ആഗ്രഹിച്ചിരിക്കാം. ഒരിക്കൽ ന്യായപ്രമാണം അനുസരിക്കുന്നത് അനിവാര്യമായിതീരും എന്നു പൗലൊസ് അറിഞ്ഞിരിക്കണം. എങ്ങനെയായാലും അവൻ തന്റെ വായനക്കാരെ മുന്നറിയിക്കുവാനായി ആയുധശാലയിലെ എല്ലാ ആയുധങ്ങളും പുറത്തെടുത്തിരിക്കുന്നു.

പൗലൊസ് തുടങ്ങി, "നായ്ക്കളെ സൂക്ഷിപ്പിൻ." വളർത്തുനായ്ക്കുട്ടികളെ നിങ്ങളുടെ മനസിൽനിന്നു മാറ്റി നിർത്തുക. മറിച്ച്, "ഉടമസ്ഥനില്ലാത്ത, അഴുക്കുള്ളതും ഉഛിഷ്ടവും ഭക്ഷിച്ച് തമ്മിൽ കടികൂടി, കടന്നുപോകുന്നവരെ ആക്രമിക്കുന്ന തെരുവ് നായ്ക്കളെ മനസിൽ കൊണ്ടുവരിക."[7] "നായ്ക്കൾ" എന്ന വാക്ക് തിരുവെഴുത്തിൽ എപ്പോഴും ഹാനി വരുത്തുന്ന രീതിയിലാണ് ഉപയോഗിച്ചിരിക്കുന്നത്.[8] ഇവിടെ വിപരീതാർത്ഥപ്രയോഗമാണുള്ളത്. റബ്ബിമാർക്കിടയിൽ ഒരു ചൊല്ലുണ്ട്: "ലോകത്തിലെ ദേശങ്ങൾ [അതായത്, ജാതികൾ] നായ്ക്കളെ പോലെയാണ്."[9] ഇപ്പോൾ പൗലൊസ് അവർക്കു നേരെ തിരിഞ്ഞ്, (യെഹൂദ ക്രിസ്ത്യാനികൾ, ഇപ്പോഴും യെഹൂദന്മാരായിരിക്കുന്നവർ) നായ്ക്കളെ പോലെ തന്നെയാണ് എന്നു പറയുന്നു.

"ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ" എന്നാണ് പൗലൊസ് പിന്നെ പറയുന്നത്. ദുരുപദേഷ്ടാക്കൾ തങ്ങൾ നല്ല വേലക്കാരാണെന്നാണ് വിശ്വസിച്ചിരുന്നത്–എന്നാൽ അപ്പൊസ്തലൻ പറഞ്ഞത് അവർ ആകാത്ത വേലക്കാരാണെന്നാണ്–കാരണം ദൈവം കെട്ടാത്തത് അവർ ജാതികളിൽ കെട്ടുവാൻ ആഗ്രഹിക്കുകയായിരുന്നു. അവർ അവന്റെ വചനത്തോടു കൂട്ടു ചേർക്കുന്നവരായിരുന്നു (വെളി. 22:18).

അടുത്തതായി "പരിഛേദനക്കാരെ സൂക്ഷിപ്പിൻ" എന്നാണ് ഫിലിപ്പിയരെ മുന്നറിയിച്ചത്. മൂല ഭാഷയിൽ "ഫാൾസ് സെർക്കംസിഷൻ" എന്നത് വാക്കുകൾ കൊണ്ട് പന്താടുന്നതുപോലെയാണ് (*കാറ്റാറ്റോം*). (3:3–ൽ കാണുന്നതുപോലെ) "പരിഛേദന" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത്, *പെരിറ്റോം*

എന്നാണ്, അർത്ഥം, സംയുക്തവാക്കിൽ, "ചുറ്റും" (*പെരി*) എന്നും "മുറിക്കുക" (*റ്റോം*) എന്നും ആണുള്ളത്. പൗലൊസ് വാക്യം 2 ൽ ഉപയോഗിച്ചിരിക്കുന്നതിൽ *പെരി* എന്ന വാക്ക് മാറ്റി *കാറ്റാ* ചേർത്തിരിക്കുകയാണ്, അതിന്റെ അർത്ഥം, "താഴെ" എന്നാണ്. ആ മാറ്റത്താൽ, യെഹൂദന്മാർ പരിശീലിച്ചിരുന്ന പരിഛേദനയുടെ അർത്ഥം മാറി, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ സ്വീകരിച്ചിരുന്ന അംഗഭംഗം വരുത്തുന്ന രീതി അവലംബിക്കുന്നതായിരിക്കുന്നു. എൻഏഎസ്ബിയുടെ ചില അച്ചടികളിൽ 3:2 ന്റെ മാർജിനിലെ കുറിപ്പിൽ "ഫാൾസ് സർക്കംസിഷൻ" എന്നു കൊടുത്തിരിക്കുന്നു: "അക്ഷ [രികമായി] അംഗവൈകല്യം" എന്നാണ്. ആ വാക്കിന്റെ മറ്റൊരു രൂപമായ "മൂട്ടിലേറ്റ്" എന്നാണ് ആധുനികമായ മിക്ക തർജിമകളിലും: എൻകെജെവി; എൻഐവി; എൻആർഎസ്വി; സിജെബി. LXX ൽ, ബാൽ പ്രവാചകന്മാർ അവരുടെ ശരീരങ്ങളെ ദണ്ഡിപ്പിച്ചിരുന്നതായി വിവരിക്കുന്നതിന് അത് മറ്റൊരു രൂപമായ *കാറ്റാടോം* ആണ് ഉപയോഗിച്ചിരുന്നത് (1 രാജാ. 18:28).

**വാക്യം 3**. പൗലൊസ് തുടരുന്നു, **നാമല്ലോ പരിഛേദനക്കാർ**. "വാസ്തവത്തിലുള്ള" എന്ന വാക്ക് മൂലഗ്രന്ഥത്തിൽ ഇല്ല. പൗലൊസ് പറഞ്ഞത് "നാമല്ലോ പരിഛേദനക്കാർ" എന്നാണ്. യെഹൂദന്മാരെ പറയുന്നതിനാണ് "പരിഛേദനക്കാർ" എന്ന പ്രയോഗം ഉപയോഗിച്ചത് (ഗലാ. 2:8, 9 നോക്കുക). അവൻ ഫലത്തിൽ പറഞ്ഞു, "ഇന്ന് ക്രിസ്ത്യാനികളാണ്, വാസ്തവത്തിലുള്ള യെഹൂദന്മാർ, വാസ്തവത്തിലുള്ള ദൈവമക്കൾ." പൗലൊസ് റോമാക്കാർക്ക് എഴുതി,

> പുറമെ യെഹൂദനായവൻ, യെഹൂദനല്ല; പുറമെ ജഡത്തിലുള്ളത് പരിഛേദനയുമല്ല. അകമെ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയ പരിഛേദനയത്രെ പരിഛേദന; അവന്നു മനുഷ്യരിൽനിന്നല്ല ദൈവത്തിൽനിന്നു പുകഴ്ച്ച ലഭിക്കും (റോമർ 2:28, 29).

അബ്രഹാമിന്നും അവന്റെ സന്തതികൾക്കും ഉടമ്പടിയുടെ അടയാളമായി നൽകിയതായിരുന്നു പരിഛേദന (ഉല്. 17:9–14; പുറ. 6:7 നോക്കുക) "നാം ആണ് പരിഛേദനക്കാർ" എന്നു പറയുന്നതിനർത്ഥം, "ഇപ്പോൾ, ക്രിസ്ത്യാനികളായ നാമാണ് ദൈവത്തിന്റെ ഉടമ്പടിയുള്ള ജനം, നാമാണ് ദൈവത്തിന്റെ പുതിയ യിസ്രായേൽ [ഗലാ. 6:16 നോക്കുക]. പുരാതന യിസ്രായേലിനു വാഗ്ദാനം ചെയ്തത് നാം അവകാശമാക്കിയിരിക്കുന്നു" (റോമർ. 9:24–26; 1 പത്രൊ. 2:9, 10). (ജഡിക യിസ്രായേലിന്നു ഭാവിയിൽ ദൈവ പദ്ധതിയിൽ ചില സ്ഥാനമുണ്ടെന്ന് ചിലർ ഇന്ന് വാദിക്കുന്നു, പക്ഷെ ബൈബിൾ അതു പഠിപ്പിക്കുന്നില്ല).

ക്രിസ്ത്യാനികളാണ് "വാസ്തവത്തിലുള്ള പരിഛേദനക്കാർ" എന്നു പറഞ്ഞ ശേഷം, "ഹൃദയ പരിഛേദന ... ഏറ്റവരുടെ" മൂന്നു സവിശേഷതകൾ പൗലൊസ് പറയുന്നു (റോമർ. 2:29 നോക്കുക).

1. അവർ **ദൈവത്തെ ആത്മാവിൽ ആരാധിക്കുന്നു.** മൂലവേദഭാഗം അവതരിപ്പിക്കുന്നതിൽ ചിലർക്ക് അൽപം പ്രയാസം നേരിടുന്നു. ഗ്രീക്ക് അക്ഷരികമായി അർത്ഥമാക്കുന്നത്, "[ദൈവത്തിന്റെ] ആത്മാവ് [കൊണ്ട്] ആരാധിക്കുന്ന [വർ]" എന്നാണ്. പല തർജിമക്കാർ പറഞ്ഞിരിക്കുന്നതുപോലെ ഇത് പല വിധത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്:

കെജെവി: "ദൈവത്തെ ആത്മാവിൽ ആരാധിക്കുക."

ആർഎസ്‌വി: "ദൈവത്തെ ആത്മാവിൽ ആരാധിക്കുക."
എൻകെജെവി: "ദൈവത്തെ ആത്മാവിൽ ആരാധിക്കുക."
എൻഏഎസ്ബി: "ദൈവത്തിന്റെ ആത്മാവിൽ ആരാധിക്കുക."
എൻഐവി: "ദൈവത്തിന്റെ ആത്മാവിനാൽ ആരാധിക്കുക."
സിഇഗവി: "ദൈവാത്മാവിന്റെ ശക്തിയാൽ ആരാധിക്കുക."

"സ്പിരിറ്റ്" എന്ന വാക്കിന്റെ "എസ്" എന്ന അക്ഷരം യേശു 4:24 ൽ ഉപയോഗിച്ചതുപോലെ ചെറിയ അക്ഷരത്തിലാണ് പൗലൊസ് ഉപയോഗിച്ചതെങ്കിൽ അർത്ഥം അതായിരിക്കും: "ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം." ശരിയായ മനോഭാവത്താലല്ലാതെ, ശരിയായി ദൈവത്തെ നമസ്ക്കരിക്കുവാൻ സാധ്യതയുണ്ട്. അങ്ങനെയാണ് സംഭവിക്കുന്നതെങ്കിൽ, അത് ആരാധനയേ ആകുന്നില്ല (1 കൊ. 11:27, 28 നോക്കുക).

"സ്പിരിറ്റ്" എന്ന വാക്കിൽ "എസ്" വലിയ അക്ഷരത്തിലാണ് പൗലൊസ് ഉപയോഗിച്ചതെങ്കിൽ, ആരാധനയിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെ കുറിച്ചാണ് അവൻ പറയുന്നത്. ആത്മാവ് ദൈവശ്വാസിയർക്ക് നിർദ്ദേശിച്ചതും വെളിപ്പെടുത്തിയ വചനപ്രകാരമായിരിക്കണം നമസ്ക്കാരം (പ്രവൃ. 2:42; 2 തിമൊ. 3:16, 17 നോക്കുക). പരിശുദ്ധാത്മാവ് പ്രാർത്ഥനയിൽ നമ്മെ സഹായിക്കുന്നു (റോമർ 8:26, 27), അതാണ് ദൈവത്തെ ആരാധിക്കുന്നതിൽ മുഖ്യമായത്. കൂടാതെ, നീതി, സന്തോഷം, സമാധാനം എന്നിവ ആത്മാവിൽ നിന്നു പറപ്പെടുന്നു (റോമർ 14:17), ആരാധനയിൽ അവ ആത്മാവിനാൽ സംഭാവന ചെയ്യുമെന്നതിൽ യാതൊരു സംശയവുമില്ല.

"ആത്മാവിൽ ആരാധിക്കുക" എന്നു പറയുന്നത് ചില മതവിഭാഗങ്ങളുടെ കരിസ്മാറ്റിക് അനുഭവ പ്രകടനവുമായി യാതൊരു ബന്ധവു*മില്ല* എന്നു തുറന്നു പറയട്ടെ. യഥാർത്ഥ നമസ്ക്കാര സവിശേഷതയുടെ അന്തസിനു നേരെ വിപരീതമാണ് അത് (1 കൊ. 14:40 നോക്കുക).

"സ്പിരിറ്റ്" എന്നതിന്റെ "എസ്" ചെറിയ അക്ഷരത്തിലായാലും "എസ്" വലിയ അക്ഷരത്തിലായാലും, "ഇവിടെ ഊന്നൽകൊടുത്തത് ക്രിസ്തീയ ആരാധനയുടെ സവിശേഷതക്കാണ്."[10] ജഡത്തിൽ ആശ്രയിച്ച് പരിഛേദന കഴിക്കുന്നതും (ജഡിക ചടങ്ങ്), ആത്മാവിൽ ആശ്രയിച്ച് വാസ്തവത്തിലുള്ള/പരിഛേദന ഏൽക്കുന്നതും തമ്മിലുള്ള അന്തരമാണ് പൗലൊസ് എടുത്തു കാണിക്കുന്നത് (ആത്മിയ ആരാധന).

2. വാസ്തവത്തിലുള്ള പരിഛേദനക്കാർ **ക്രിസ്തുയേശുവിൽ പ്രശംസിക്കുന്നവരാണ്** എന്നും പൗലൊസ് പറഞ്ഞു. ദുരുപദേഷ്ടാക്കന്മാർ പ്രശംസിച്ചിരുന്നത് അവരുടെ ആചാരങ്ങളിലും ചടങ്ങുകളിലുമായിരുന്നു, പക്ഷെ നമ്മുടെ പ്രശംസ നമുക്കുവേണ്ടി മരിച്ചവനിലാണ്. മോട്ടിർ പറഞ്ഞതനുസരിച്ച്, "കൂടുതൽ കരുത്തുള്ള തർജിമയാണ്" "പ്രശംസ."[11] പൗലൊസ് ആ വാക്കിന്റെ മറ്റൊരു രൂപമാണ് ഗലാത്യർ 6:14 ൽ ഉപയോഗിച്ചിരിക്കുന്നത്: "കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാനിടയാവരുത്."

നാം ചെയ്തിട്ടുള്ളവയിലല്ല *നാം* പ്രശംസിക്കുന്നത് (റോമർ 4:2 നോക്കുക), പക്ഷെ *അവൻ* നമുക്ക് വേണ്ടി ചെയ്തതിലാണ്.

3. **അവർ ജഡത്തിൽ ആശ്രയിച്ചിരുന്നില്ല** എന്നാണ് പൗലൊസ് പറഞ്ഞത്. സന്ദർഭത്തിൽ, ജഡികമായ പരിഛേദന ആഘോഷിക്കുന്നതിൽ ആശ്രയിച്ചി

രുന്നില്ല എന്നർത്ഥം. എങ്ങനെയായാലും, മിക്ക തർജിമകളും പ്രായോഗികത വരുത്തിയിരിക്കുന്നത് പുറമെയുള്ള (ജഡം) തിനാണ്, അത് ഉള്ളിലുള്ളതിന് എതിരാണ് (ആത്മാവിന്റെ).

റ്റിഇൗവി–"ഞങ്ങൾ പുറമെയുള്ള ഒരു ആഘോഷത്തിലും ആശ്രയിക്കുന്നില്ല."
സിജെബി–"മാനുഷിക യോഗ്യതകളിൽ ഞങ്ങൾ പ്രശംസിക്കുന്നില്ല."
സിഇൗവി–"ഞങ്ങൾ ചെയ്തിട്ടുള്ളവയെ കുറിച്ച് ഞങ്ങൾ പൊങ്ങച്ചം പറയുന്നില്ല."

"വാസ്തവത്തിലുള്ള മതത്തിന്റെ ആന്തരികവും ബാഹ്യവും" മുകളിലേക്കുള്ളതുമായ വശങ്ങളായിട്ടാണ് "വാസ്തവത്തിലുള്ള പരിച്ഛേദനയായി" മോട്ടിർ പറഞ്ഞത്.[12]

"ദൈവത്തിന്റെ ആത്മാവിൽ നാം ആരാധിക്കുന്നതിനാലാണ്" മുകളിലേക്ക് എന്നു പറഞ്ഞത്.
"ക്രിസ്തുയേശുവിൽ പ്രശംസിക്കുന്നതിനാലാണ്" ബാഹ്യമായി എന്നു പറഞ്ഞത്.
"ജഡത്തിൽ ആശ്രയിക്കാതിരിക്കുന്നവരായതിനാലാണ്" ആന്തരികം എന്നു പറയുന്നത്.

## പ്രായോഗികത

### "ഒടുവിൽ, എന്റെ സഹോദരന്മാരേ" (3:1–3)

3:1–3 ഉപദേശിക്കുവാനും പ്രസംഗിക്കുവാനുമുള്ള ഒരു സമീപനം ഇതാണ്:

1. പൗലൊസിന്റെ ഓർമ്മിപ്പിക്കൽ (3:1)
2. പൗലൊസിന്റെ ആവർത്തനം (3:1)
3. പൗലൊസിന്റെ പരിത്യാഗം (3:2)
4. പൗലൊസിന്റെ വെളിപ്പാട് (3:3)

### "കർത്താവിൽ സന്തോഷിപ്പിൻ" (3:1–10)

3:1–10 ലെ "കർത്താവിൽ സന്തോഷിപ്പിൻ" എന്ന വിഷയത്തെ വിപുലമാക്കി ഉപയോഗിച്ചിരിക്കുകയാണ് താഴെ കൊടുത്തിരിക്കുന്ന തലവാചകങ്ങൾ. "നിങ്ങൾ ന്യായപ്രമാണത്തെ അനുസരിച്ച് സന്തോഷിക്കാതിരിക്കുക" (3:2,3); "നിങ്ങളുടെ ആത്മിക പൈതൃകത്തിൽ സന്തോഷിക്കാതിരിക്കുക" (3:4, 5); "നിങ്ങളുടെ ആത്മിയ നേട്ടങ്ങളിൽ പ്രശംസിക്കാതിരിക്കുക" (3:5, 6); "ക്രിസ്തുവിൽ സന്തോഷിക്കുക" (3:7–10).

### പരിത്യാഗം (3:2)

വൈദ്യശാസ്ത്രപരമായ പരിശീലനമായി പരിച്ഛേദന ഏൽക്കുന്നതിൽ തെറ്റ് ഒന്നുമില്ല; എന്നാൽ അത് മതപരമായ ഒരു ആഘോഷമായി ചെയ്യുവാൻ ക്രിസ്ത്യാനികളെ നിർബ്ബന്ധിക്കുന്നതാണ് "അംഗവൈകല്യം" ആയി പൗ

ലൊസ് പറഞ്ഞത്. പരിഛേദന പ്രവൃത്തിക്ക് ആത്മിയ പ്രാധാന്യം ഒന്നുമില്ല. അപ്പൊസ്തലൻ ഗലാത്യരോടു പറഞ്ഞു, “ക്രിസ്തുയേശുവിൽ പരിഛേദനയല്ല, അഗ്രചർമ്മവുമല്ല സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രെ കാര്യം” (ഗലാ. 5:6; 6:15 നോക്കുക). പിന്നെയും അവൻ പറഞ്ഞു, “പരിഛേദന ഒന്നുമില്ല; അഗ്രചർമ്മവും ഒന്നുമില്ല; ദൈവകൽപന പ്രമാണിക്കുന്നതത്രെ കാര്യം” (1 കൊ. 7:19).

### “സൂക്ഷിപ്പിൻ!” (3:2)

നമ്മിൽ മിക്കപേരും മുന്നറിയിപ്പ് അടയാളങ്ങൾ കണ്ടിട്ടുണ്ട്: “മുന്നറിയിപ്പ്!റോഡ് അടെച്ചിരിക്കുന്നു!” ആ മുന്നറിയിപ്പ് അവഗണിക്കുന്നത് നമ്മുടെ അപകടത്തിനാണ്. ഫലത്തിൽ, പൗലൊസ് ഫിലിപ്പിയരോട് പറഞ്ഞു, “മുന്നറിയിപ്പ്! മുന്നറിയിപ്പ്! മുന്നറിയിപ്പ്!” ദുരുപദേഷ്ടാക്കന്മാർ സ്വാധീനം ചെലുത്തുവാൻ കഴിവുള്ളവരും, പഴയനിയമത്തിൽ പ്രാവീണ്യം ലഭിച്ചവരും ആയിരുന്നേക്കാം. എന്നിരുന്നാലും, അവർ “നായ്ക്കളും” “ആകാത്ത വേലക്കാരും,” “വ്യാജ പരിഛേദനക്കാരും” ആണ് അതുകൊണ്ട് അവരെ “സൂക്ഷിപ്പിൻ!” എന്നാണ് പൗലൊസ് പറഞ്ഞത്.

### എവിടെയാണ് നമ്മുടെ പ്രശംസ? (3:3)

മനുഷ്യരായതിനാൽ നാം ചെയ്ത പ്രവൃത്തികളിൽ പ്രശംസിക്കുവാൻ പ്രേരിതരായേക്കാം: പ്രഗത്ഭരായ പ്രാസംഗികരിൽ, വലിയ കൂട്ടം ആളുകൾ നമ്മുടെ ആരാധനക്ക് വരുന്നതിൽ, അല്ലെങ്കിൽ നാം കൈവരിക്കുന്ന നേട്ടങ്ങളിൽ. അവയെല്ലാം പരാജയപ്പെടുന്നവയാണ്; അവയെല്ലാം ഇന്നു കാണുന്നതും നാളെ ഇല്ലാതാകുന്നതുമാണ്. പകരം, ഇളകാത്തതും മാറാത്തതുമായവയിലാണ് നാം പ്രശംസിക്കേണ്ടത്: കർത്താവിൽ (3:4–11).

---

കുറിപ്പുകൾ

[1]വ്യക്തിപരമായ ലേഖനങ്ങളിൽ പൗലൊസ് ഇവിടെ മാത്രമല്ല “ഒടുവിൽ” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. 1 തെസലൊനിക്യ ലേഖനത്തിൽ നാലിൽ–മൂന്ന് എന്ന നിലയിൽ “ഒടുവിൽ സഹോദരന്മാരേ” എന്ന പ്രയോഗം നടത്തിയിട്ടുണ്ട്. (1 തെസ്സ. 4:1). [2]അലെക് മോട്ടിർ, ദ മെസ്സേജ് ഓഫ് ഫിലിപ്പിയൻസ്: ജീസസ് അവർ ജോയ്, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ–വാഴ്സിറ്റി പ്രസ്, 1984), 147. [3]ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ്* (നാഷ്വിലേ: 20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 72. [4]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസലൊനിക്യൻസ്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 51. [5]മലോൺ, 72–73. [6]ഇബിഡ്., 73. [7]ജെ. ബി. ലൈറ്റ്ഫുട്ട്; കോട്ടഡ് ഇൻ ബാർക്ലേ, 53–54. [8]നോക്കുക, ആവ. 23:18; 1 ശമു. 24:14; 2 രാജാ. 8:13; സങ്കീ. 22:16, 20; മത്താ. 7:6; 15:26, 27; വെളി. 22:15. [9]ബാർക്ലേ, 54. [10]റാൽഫ് പി. മാർട്ടിൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, റെവ. എഡി., ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 142.

[11]മോട്ടിർ, 151. [12]ഇബിഡ്., 150.